**<u>15 -ാം കേരള നിയമസഭ</u>**

**<u>1 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225</u>** **<u>07-06-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കോവിഡ് വക്സിനേഷൻ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് വാക്സിന് അനുഭവപ്പെടുന്ന ദൗർലഭ്യം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചതായി വിലയിരുത്തുന്നുണ്ടോ; | (എ) | 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ഉണ്ടായിരുന്നു. ഇത് വളരെ വേഗം തന്നെ ഏകദേശം 1000 ത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 07/06/2021 വരെ കേന്ദ്രം 95,33,830 ഡോസ് നൽകിയിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും, 30 ലക്ഷം കോവാക്സിൻ വാക്സിനും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കമ്പനികൾക്ക് ഓർഡർ നൽകിയതിൽ (01.06.2021) വരെ 8,84,290 ഡോസുകൾ ലഭിച്ചു. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്ര സർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10 ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ കൂടി ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 37,78,050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിലോട് കൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണം എന്ന ഉദ്ദേശത്തോട് കൂടി ഏപ്രിൽ 12 ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്ന് വിവിധ |

| | | | |
|---|---|---|---|
| | | | കത്തുകളിലൂടെ ബഹു. മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. |
| (ബി) | കോവാക്സിൻ ഒന്നാം ഡോസെടുത്തവർക്ക് രണ്ടാം ഡോസ് എടുക്കേണ്ട സമയം അതിക്രമിച്ചിട്ടും അതിന്റെ ദൗർലഭ്യം കാരണം വാക്സിനെടുക്കുവാൻ സാധിക്കാത്ത സാഹചര്യം സംസ്ഥാനത്തുണ്ടോ; | (ബി) | 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ഉണ്ടായിരുന്നു. ഇത് വളരെ വേഗം തന്നെ ഏകദേശം 1000 ത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 07/06/2021 വരെ കേന്ദ്രം 95,33,830 ഡോസ് നൽകിയിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും, 30 ലക്ഷം കോവാക്സിൻ വാക്സിനും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കമ്പനികൾക്ക് ഓർഡർ നൽകിയതിൽ (01.06.2021) വരെ 8,84,290 ഡോസുകൾ ലഭിച്ചു. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്ര സർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10 ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ കൂടി ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 37,78,050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിലോട് കൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണം എന്ന ഉദ്ദേശത്തോട് കൂടി ഏപ്രിൽ 12 ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്ന് വിവിധ കത്തുകളിലൂടെ ബഹു. മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. |
| (സി) | കോവീഷീൽഡും കോവാക്സിനും രണ്ട് ഡോസെടുത്തവർക്കും കോവിഡ് ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വാക്സിനെടുത്തവർക്ക് എത്ര ശതമാനം സംരക്ഷണം ലഭിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | (സി) | കോവിഷീൽഡും കോവാക്സിനും എടുത്തവർക്കും ചിലപ്പോൾ കോവിഡ് ബാധിക്കാറുണ്ട്. എന്നാൽ വാക്സിൻ എടുത്തവരിൽ കോവിഡ് വന്നാലും ഗുരുതരമായ രോഗം ബാധിക്കുന്നതിന് സാധ്യത കുറവാണ്. സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച വിവരം അനുസരിച്ച് രണ്ടാമത്തെ ഡോസ് കോവിഷീൽഡ് വാക്സിൻ പന്ത്രണ്ട് ആഴ്ചയ്ക്കു ശേഷം എടുത്താൽ 78.79 ശതമാനം ഇമ്മ്യൂണിറ്റി |

| | | | |
|---|---|---|---|
| | | | ലഭിക്കും. ഭാരത് ബയോടെക്കിന്റെ ഫാക്ട്സ് ഷീറ്റ് പ്രകാരം രണ്ടാം ഡോസ് കോവാക്സിൻ 4 ആഴ്ച വ്യത്യാസത്തിൽ എടുത്താൽ 78% ശതമാനം ഇമ്മ്യൂണിറ്റി ലഭിക്കും. |
| (ഡി) | 45 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ഒന്നാം ഡോസ് വാക്സിൻ നൽകുവാനും ഒന്നാം ഡോസ് വാക്സിൻ എടുത്തവർക്ക് രണ്ടാം ഡോസ് സമയബന്ധിതമായി ലഭ്യമാക്കുമെന്ന് ഉറപ്പ് വരുത്തുവാനും ആവശ്യമായ ഇടപെടലുകൾ നടത്തുമോ? | (ഡി) | നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ